On.09/12/21...

20/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.564(6)/2021**/*എസ്.ഐ.സി.*

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.*1827/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ജോയ് ജോസഫ്,<br>കുടിൽ പുരയിടം,<br>എടപ്പാളയം പി.ഒ.,<br>പുനലൂർ | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,<br>കളക്ടറേറ്റ്, കൊല്ലം<br><br>2. അപ്പീൽ അധികാരി &<br>ഡെപ്യൂട്ടി കളക്ടർ (എൽ.ആർ),<br>കളക്ടറേറ്റ്, കൊല്ലം | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.06.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 26.10.2021, 10.11.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി (26.10.2021) |
| ഒന്നാം എതിർകക്ഷി | ഹാജരായി (10.11.2021) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോയ് ജോസഫ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 03.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കൊല്ലം ജില്ലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷനും വിദേശ കമ്പനികളും ഇന്ത്യൻ പൗരന്മാർക്ക് ലീസ് ആയോ ഗ്രാന്റ് ആയോ നൽകിയിട്ടുളള ഭൂമിയുടെ റിക്കോർഡുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിലേക്ക് കൊല്ലം ജില്ലാതല സ്പെഷ്യൽ ടീമിനെ ബഹു. കളക്ടർ നിയോഗിച്ചിട്ടുളളതായി അറിയാൻ കഴിഞ്ഞുവെന്നും ടി ടീം സമർപ്പിച്ചിട്ടുളള റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, അനുബന്ധരേഖകളും നൽകണമെന്നാണ്. ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 27.10.2020 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു വിദേശ കമ്പനികളും അവരിൽ നിന്നും ഭൂമി നേടിയവരും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിന് സർക്കാരിന്റെ നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ സ്പെഷ്യൽ ടീം രൂപീകരിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുളളതാണെന്നും എന്നാൽ ടി ടീം സമർപ്പിച്ചിട്ടുളള റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നത് സർക്കാരിന്റെ കോടതിയിലെ

മത്സരാവസ്ഥക്ക് ദോഷം ചെയ്യുന്നതും സർക്കാർ താൽപര്യങ്ങളെ ഹനിക്കുന്നതും ആയതിനാൽ ടി റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശ നിയമം സെക്ഷൻ 8(1) (ഡി) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. ആയതിനാൽ ഹർജിക്കാരൻ 25.11.2020 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിന്മേൽ രണ്ടാം എതിർകക്ഷി 11.02.2021 ൽ അപ്പീൽ തീർപ്പാക്കിയ രേഖയുടെ പകർപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 22.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ സിവിൽ കോടതിയിൽ സർക്കാരിന് കേസ് ഫയൽ ചെയ്യുന്നതിനായി ശേഖരിച്ച വിവരങ്ങളാണെന്നും ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ പൂർണമായും ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടില്ലാത്തതുമായിരുന്നുവെന്നും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതായുണ്ടെന്നും അപ്രകാരം കേസ് ഫയൽ ചെയ്യുന്നതിനു മുമ്പ് അന്വേഷണ റിപ്പോർട്ട് പുറത്തു വെളിപ്പെടുത്തുന്നത് കേസിന്റെ തുടർപ്രവർത്തനത്തെ ബാധിച്ചേക്കാവുന്നതും ആയത് സർക്കാർ താൽപര്യങ്ങൾക്ക് പ്രതികൂലമായ അവസ്ഥ സൃഷ്ടിക്കുവാനും കാരണമായേക്കാവുന്നതാണെന്നും കണ്ടാണ് അന്വേഷണ റിപ്പോർട്ട് നിഷേധിച്ച ഒന്നാം എതിർകക്ഷിയുടെ നടപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 03.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 27.10.2020 തീയതി വിവരം നൽകാൻ നിർവ്വാഹമില്ലെന്ന മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 25.11.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്മേൽ അപ്പീൽ അധികാരി ടി അപ്പീൽ അപേക്ഷ 11.02.2021 ൽ തീർപ്പാക്കിയതായി കാണുന്നു. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരോ, വിലാസമോ, അപ്പീൽ കാലാവധിയെക്കുറിച്ചോ വിവരം നൽകിയതായി കാണുന്നില്ല. വിവരാവകാശ അപേക്ഷകൾ കൈകാര്യം

ചെയ്യുമ്പോൾ എതിർകക്ഷി കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നു കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുകയും മേലിൽ ഇപ്രകാരം അശ്രദ്ധയോടുകൂടി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യാൻ പാടില്ല എന്ന് ടിയാനെ കമ്മീഷൻ താക്കീതു ചെയ്യുകയും ചെയ്യുന്നു. 04.10.2021 ൽ ഓർഡിനറി തപാലായും 26.10.2021 ൽ രജിസ്റ്റേർഡ് തപാലായും ഹർജികകക്ഷിയേയും എതിർകക്ഷിയേയും നേരിൽ കേൾക്കുവാൻ കമ്മീഷൻ തീരുമാനിച്ച് അറിയിപ്പു നൽകിയിരുന്നു. ഹർജികക്ഷി മേൽപ്പടി തീയതികളിൽ കൃത്യമായി ഹാജരാവുകയും 26.10.2021 ൽ ടിയാന്റെ മൊഴി നൽകുകയും കൂടുതൽ നോട്ട് നൽകിയിട്ടുള്ളതും 04.10.2020 ലും 26.10.2020 ലെ രജിസ്റ്റേർഡ് തപാലും കൈപ്പറ്റിയ എതിർകക്ഷി മേപ്പടി തീയതികളിൽ ഹാജരാവുകയോ ഏതെങ്കിലും അസൗകര്യം രേഖാമൂലമോ ഫോൺ വഴിയോ അറിയിക്കുകയും ചെയ്തിരുന്നില്ല. തുടർന്ന് കമ്മീഷൻ ഒന്നും രണ്ടും എതിർകക്ഷികൾ ബന്ധപ്പെട്ട ഫയലുകളുമായി 10.11.2021 ന് 2PM ന് നേരിൽ കമ്മീഷൻ മുമ്പാകെ ഹാജരാകാൻ കൊല്ലം ജില്ലാ കളക്ടർ വഴി സമൻസ് അയച്ചതിൻ പ്രകാരം ഒന്നും രണ്ടും എതിർകക്ഷികൾ 10.11.2021 ൽ കമ്മീഷൻ മുമ്പാകെ ഹാജരായി രേഖാമൂലം മൊഴി നൽകിയതിൽ തെന്മല ആര്യങ്കാവ് വില്ലേജുകളിൽപ്പെട്ട 3 കേസുകൾ പുനലൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തുവെന്നും ഇനിയും കൊല്ലം വില്ലേജിൽപ്പെട്ട കേസുകൂടി ഫയൽ ചെയ്യാൻ ഉള്ളതായും മൊഴി നൽകി. എല്ലാ കേസുകളും ഫയൽ ചെയ്യുന്നതിനു മുമ്പ് ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പ് നൽകുന്നത് കേസിന്റെ തുടർ പ്രവർത്തനത്തെ ബാധിച്ചേക്കും എന്നും മൊഴിയിൽ രേഖപ്പെടുത്തി ഹർജിക്കാരന്റെ മൊഴിയിൽ ടിയാൻ രേഖപ്പെടുത്തിയത് ബഹു. പുനലൂർ മുൻസിഫ് കോടതിയിൽ ആര്യങ്കാവ് തെന്മല വില്ലേജുകളുമായി ബന്ധപ്പെട്ട കേസ് ഫയൽ ചെയ്തു (O.S. 10/2020) എന്നും സിവിൽ കേസ് സംബന്ധമായ രേഖകൾ എതിർകക്ഷികൾക്കും ലഭിക്കാവുന്നതാണ് എന്നും മറ്റും ആണ്. ഇരുകക്ഷികളുടേയും മൊഴികളും ഹാജരാക്കിയിട്ടുള്ള രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു. ഹർജികക്ഷി ആവശ്യപ്പെട്ട രേഖകളിൽ കൊല്ലം താലൂക്കിന്റെ ഒഴികെ പുനലൂർ താലൂക്കിൽപ്പെടുന്ന തെന്മല, ആര്യങ്കാവ് വില്ലേജുകളുമായി ബന്ധപ്പെട്ട ടിയാൻ ആവശ്യപ്പെട്ട

റിപ്പോർട്ട് ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം അപ്പീൽ ഹർജിക്കാരന് രജിസ്റ്റേർഡ് പോസ്റ്റ് വഴി ഒന്നാം എതിർകക്ഷി നൽകി വിവരം കമ്മീഷനെ ബോധിപ്പിക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp